"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ഷാജി റ്റി.ആർ. ന്റെ ഹോർട്ടികോർപ്പിൽ റീജിയണൽ മാനേജരായുള്ള അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

---

കൃഷി (പി.യു) വകുപ്പ്

സ.ഉ.(സാധാ) നം.424/2023/AGRI തീയതി,തിരുവനന്തപുരം, 05-05-2023

---

പരാമർശം:-
1. 19.2.2020 ലെ സ.ഉ.(സാധാ)226/2020 കൃഷി
2. 29.4.2021 ലെ സ.ഉ.(സാധാ)നം. 382/2021/കൃഷി
3 9.05.2022 ലെ സ.ഉ.(സാധാ) നം.389/2022/കൃഷി
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 30.03.2023 ലെ ADFW/2381/2023-SB2 നം. കത്ത്

**ഉത്തരവ്**

കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ.ഷാജി റ്റി.ആർ. നെ പരാമർശം (1) പ്രകാരം ഹോർട്ടികോർപ്പിൽ റീജിയണൽ മാനേജർ തസ്തികയിൽ അന്യ സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം ടിയാന്റെ ഹോർട്ടികോർപ്പിലെ അന്യത്ര സേവന കാലാവധി 5.5.2021 മുതൽ ഒരു വർഷത്തേയ്ക്കും പരാമർശം (3) പ്രകാരം 5.5.2022 മുതൽ ഒരു വർഷത്തേയ്ക്കും ദീർഘിപ്പിച്ചു നൽകിയിരുന്നു. ശ്രീ. റ്റി.ആർ. ഷാജിയുടെ ഹോർട്ടികോർപ്പിലെ അന്യത്ര സേവന കാലാവധി 4.5.2023 ന് അവസാനിക്കുന്നതിനാൽ 5.5.2023 മുതൽ ടിയാന്റെ അന്യത സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) പ്രകാരം കൃഷി ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ.ഷാജി.ടി.ആർ ന്റെ ഹോർട്ടികോർപ്പിലെ റീജിയണൽ മാനേജർ തസ്തികയിലെ അന്യത്ര സേവന കാലാവധി 5.5.2023 മുതൽ 31.5.2023 വരെ മാത്രം അന്യത്ര സേവന വ്യവസ്ഥയുടെ നിലവിലെ ചട്ടങ്ങൾക്കു വിധേയമായി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUDHILA L
അണ്ടർ സെക്രട്ടറി

1: മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, തിരുവനന്തപുരം
2.ശ്രീ.ഷാജി.റ്റി.ആർ, അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
3.ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
4പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) തിരുവനന്തപുരം
5.കൃഷി (ഇ.എ) വകുപ്പ് (4.5.2023 ലെ കൃഷി-ഇ.എ.1/99/2023/കൃഷി നം. അനൗ. കുറിപ്പു പ്രകാരം)
6.വെബ് & ന്യൂ മീഡിയ, പൊതുജന വിവര സാങ്കേതിക വകുപ്പ്
7.കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
സെക്ഷൻ ഓഫീസർ
Premchand C P
Date: 05-05-2023 13:10:20

പകർപ്പ് - ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്